**മണലിന് പകരം പാറപ്പൊടി**

204 [1829] *ശ്രീ. തമ്പാനൂർ രവി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങളിൽ മണലിന് പകരം ഉപയോഗിക്കുന്നതിനുള്ള പാറപ്പൊടിയുടെ ഉത്പാദനം വ്യാപകമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഈ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

*ഉത്തരം*

(എ) സംസ്ഥാനത്തെ നദികളിലെ മണലിന്റെ ലഭ്യതയെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിയോഗിച്ച സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വസ്തുക്കളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തണമെന്നും അതിന്റെ റിപ്പോർട്ടിൽ മണലിന് പകരം പാറപൊടിച്ചുണ്ടാക്കുന്ന മണൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നത് അഭികാമ്യമാണെന്നും റിപ്പോർട്ട് ചെയ്തു. ഇതിലേക്ക് ഹൗസിങ്ങ് ബോർഡിനേയും നിർമ്മിതി കേന്ദ്രത്തേയും നിയോഗിച്ചിട്ടുണ്ട്.

(ബി) ഇതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഹൗസിംഗ് ബോർഡിനേയും നിർമ്മിതി കേന്ദ്രത്തേയും ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

20-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 1638, 1639, 1640, 1690, 1830 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly